**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1164** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യസംസ്കരണവും മത്സ്യമേഖലയിലെ സ്ത്രീകൾക്ക് പുതിയ തൊഴിലവസരങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യമേഖലയിൽ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിംഗ് പ്ലാന്റിൽ നിന്നും വിവിധതരം മത്സ്യ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ (ചെമ്മീൻ, ചൂര, ഓലക്കോടി, കണവ എന്നിവയുടെ അച്ചാറുകൾ) കട്‌ലറ്റ് തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾ കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) -യുടെ സാങ്കേതിക സഹായത്തോടെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ സ്വയം സഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ്& ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നീ മത്സ്യ ഉൽപ്പന്നങ്ങളും വിപണനം ചെയ്തുവരുന്നു. ഇവ വിവിധ ജില്ലകളിൽ സ്ഥാപിച്ച ഫിഷ് മാർട്ടുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു. ഉൽപ്പന്നങ്ങൾക്ക് വ്യാപകമായ സ്വീകാര്യത ഉപഭോക്താക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ടി ഉൽപ്പന്നങ്ങൾ ഓൺലൈൻ ആയി കെ-ഷോപ്പിൽ (ഗവൺമെന്റ് ഓൺലൈൻ പ്ലാറ്റ് ഫോം) കൂടി വില്പനയും ആരംഭിച്ചിട്ടുണ്ട്.<br><br>ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മത്സ്യത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന RIDF പദ്ധതി അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയ്ക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) യും, സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (CTCRI) ആണ് സാങ്കേതിക സഹായം നൽകുന്നത്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന യൂണിറ്റ് ഉടൻ തന്നെ പ്രവർത്തന സജ്ജമാകും. |
| (ബി) | മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് പുതിയ മേഖലയിൽ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് പുതിയ മേഖലയിൽ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാഫ് (Society for Assistance to FisherWomen) മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. സാഫ് ധനസഹായത്തോടെ ആരംഭിക്കുന്ന സംരംഭങ്ങൾ നല്ല നിലയിൽ നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങളും, വിപണന സംവിധാനങ്ങളും കൂടെ നിന്നുള്ള പിന്തുണയും തുടർച്ചയായി നല്കുന്നു.<br><br>സാഫ് മുഖേന വനിതാ മത്സ്യത്തൊഴിലാളികളുടെ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്, മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സാഫ് വഴി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് പുതിയ മേഖലയിൽ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാഫ് (Society for Assistance to FisherWomen) മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. സാഫ് ധനസഹായത്തോടെ ആരംഭിക്കുന്ന സംരംഭങ്ങൾ നല്ല നിലയിൽ നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങളും, വിപണന സംവിധാനങ്ങളും കൂടെ നിന്നുള്ള പിന്തുണയും തുടർച്ചയായി നല്കുന്നു. |

| | | | |
|---|---|---|---|
| | | | സാഫ് മുഖേന വനിതാ മത്സ്യത്തൊഴിലാളികളുടെ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്, മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സാഫ് വഴി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

<u>സാഫ് മുഖേന വനിതാ മത്സ്യത്തൊഴിലാളികളുടെ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

**1) ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം :**

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ വഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നല്കുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിര ആസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു.

**2) <u>വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം :</u>**

ചെറുകിട തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനമായി 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സാഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റസ്റ്ററോറൻറുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും പരമാവധി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് പലിശയില്ലാതെ അനുവദിക്കുന്നു. 463 ലക്ഷം രൂപ റിവോൾവ് ചെയ്തുവരുന്നു. യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക 19.67 കോടി രൂപ തുടർഘട്ടങ്ങളിലായി റിവോൾവ് ചെയ്ത് വരുന്നു.

**3) <u>ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) കൾക്ക് പലിശരഹിത വായ്പ :</u>**

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ആരംഭിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പ്രവർത്തന മൂലധനമായി പലിശ രഹിത വായ്പ അനുവദിക്കുന്നു. ആദ്യഘട്ടത്തിൽ ഒരംഗത്തിന് 10000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50000/- രൂപ) വരെ പരമാവധി പലിശരഹിത വായ്പയായി അനുവദിക്കുന്നത്. തിരിച്ചടവ് പൂർത്തീകരിക്കുന്ന യൂണിറ്റുകൾക്ക് തുടർ ഘട്ടങ്ങളിൽ ഒരംഗത്തിന് 20000 രൂപ (ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ) വരെ പരമാവധി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ **5.55** കോടി രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക **30** കോടി രൂപ, തുടർഘട്ടങ്ങളിലായി റിവോൾവ് ചെയ്ത് വരുന്നു.

**4) <u>ഒരു കുടുംബം ഒരു ജോലി:</u>**

മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരു കുടുംബത്തിലെ ഒരു അംഗത്തിന് ഒരു തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "ഒരു കുടുംബം ഒരു ജോലി" പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ സംരംഭം ആരംഭിക്കുന്നതിന് ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക് ഒരു ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റ് അനുവദിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനുള്ള ബാക്കി തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് ലോണായോ കണ്ടെത്തേണ്ടതാണ്. നിലവിൽ 200 മത്സ്യത്തൊഴിലാളി വനിതകൾക്കാണ് ഈ സംരംഭം ആരംഭിക്കുന്നതിന് അവസരം ഒരുക്കുന്നത്.

5) **<u>ടെക്നോളജി ഇംപ്രൂവ്മെന്റ് :</u>**

മത്സ്യത്തൊഴിലാളി വനിതകൾ നടത്തുന്ന തൊഴിൽ സംരംഭങ്ങളുടെ സാങ്കേതികവിദ്യാ നവീകരണത്തിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും ആയി 50000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

6) **<u>കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ:</u>**

സാഫിന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾക്ക് വിവിധതരത്തിലുള്ള സാങ്കേതിക പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. യൂണിറ്റുകൾ ആരംഭിക്കുന്നതിന് അച്ചീവ്മെൻറ് മോട്ടീവേഷൻ ട്രെയ്നിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും സംരംഭം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധതരത്തിലുള്ള സ്കിൽ ട്രെയിനിംഗുകളും നൽകിയിട്ടുണ്ട്. ഇതിൽ Digital media, marketing & advertising media ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് മാത്രമായി ആവശ്യമായ തൊഴിൽ നൈപുണ്യ പരിശീലനങ്ങളും നൽകുന്നു.

7) **<u>ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പരിശീലന സബ്സിഡി):</u>**

യൂണിറ്റുകളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി എടുക്കുന്ന ബാങ്ക് ലോണിന് അഞ്ച് ശതമാനം വരെ പലിശ സബ്സിഡി സാഫ് വഴി അനുവദിക്കുന്നു.

8) **<u>കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ:</u>**

തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗത്തിന്റെയും മാനസിക ആരോഗ്യത്തിന്റെയും അടിസ്ഥാനത്തിൽ Community Wellness Clinic നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാരംഭഘട്ടത്തിൽ നടപ്പിലാക്കിയത്. തുടർന്ന്, മറ്റ് ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൗൺസിലിംഗ് സെക്ഷനുകളിലൂടെയും പ്രത്യേക Clinic കൾ വഴി ആവശ്യമായ മരുന്നും തുടർ ചികിൽസകളും നൽകിയിട്ടുണ്ട്.

9) **<u>ബ്രാന്റിംഗ് & മാർക്കറ്റിംഗ്:</u>**

മത്സ്യത്തൊഴിലാളി വനിതകൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണിയിലെ ശക്തമായ മത്സരം നേരിടുന്നതിനും ഉൽപ്പന്നങ്ങളുടെ ഡിമാന്റ്, വിൽപ്പന എന്നിവ വർദ്ധിപ്പിക്കുന്നതിനും ആകർഷകമായ പായ്ക്കിംഗിലും ലേബലിംഗിലും യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് **Branding & Marketing** സംവിധാനം ഒരുക്കുന്നു. ഓൺലൈൻ മാർക്കറ്റിങ്ങിലേക്ക് യൂണിറ്റുകളെ കൊണ്ടുവരുന്നതിനും ഇടപെടലുകൾ നടത്തിവരുന്നു.

**<u>അനുബന്ധം</u>**

<u>സാഫ് മുഖേന വനിതാ മത്സ്യത്തൊഴിലാളികളുടെ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

**1) ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം :**

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ വഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നല്കുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിര ആസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു.

**2) <u>വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം :</u>**

ചെറുകിട തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനമായി 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സാഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർമാർ ക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റസ്റ്റോറൻറുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും പരമാവധി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് പലിശയില്ലാതെ അനുവദിക്കുന്നു. 463 ലക്ഷം രൂപ റിവോൾവ് ചെയ്തുവരുന്നു. യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക 19.67 കോടി രൂപ തുടർഘട്ടങ്ങളിലായി റിവോൾവ് ചെയ്ത് വരുന്നു.

**3) <u>ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) കൾക്ക് പലിശരഹിത വായ്പ :</u>**

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾ പ്പെടുത്തി ആരംഭിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പ്രവർത്തന മൂലധനമായി പലിശ രഹിത വായ്പ അനുവദിക്കുന്നു. ആദ്യഘട്ടത്തിൽ ഒരംഗത്തിന് 10000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50000/- രൂപ) വരെ പരമാവധി പലിശരഹിത വായ്പയായി അനുവദിക്കുന്നത്. തിരിച്ചടവ് പൂർത്തീകരിക്കുന്ന യൂണിറ്റുകൾക്ക് തുടർ ഘട്ടങ്ങളിൽ ഒരംഗത്തിന് 20000 രൂപ (ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ) വരെ പരമാവധി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ **5.55** കോടി രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക **30** കോടി രൂപ, തുടർഘട്ടങ്ങളിലായി റിവോൾവ് ചെയ്ത് വരുന്നു.

**4) <u>ഒരു കുടുംബം ഒരു ജോലി:</u>**

മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരു കുടുംബത്തിലെ ഒരു അംഗത്തിന് ഒരു തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "ഒരു കുടുംബം ഒരു ജോലി" പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ സംരംഭം ആരംഭിക്കുന്നതിന് ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക് ഒരു ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റ് അനുവദിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനുള്ള ബാക്കി തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് ലോണായോ കണ്ടെത്തേണ്ടതാണ്. നിലവിൽ 200 മത്സ്യത്തൊഴിലാളി വനിതകൾക്കാണ് ഈ സംരംഭം ആരംഭിക്കുന്നതിന് അവസരം ഒരുക്കുന്നത്.

5) **<u>ടെക്നോളജി ഇംപ്രൂവ്മെന്റ് :</u>**

മത്സ്യത്തൊഴിലാളി വനിതകൾ നടത്തുന്ന തൊഴിൽ സംരംഭങ്ങളുടെ സാങ്കേതികവിദ്യാ നവീകരണത്തിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും ആയി 50000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

6) **കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ:**

സാഫിന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾക്ക് വിവിധതരത്തിലുള്ള സാങ്കേതിക പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. യൂണിറ്റുകൾ ആരംഭിക്കുന്നതിന് അച്ചീവ്മെൻറ് മോട്ടീവേഷൻ ട്രെയ്നിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും സംരംഭം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധതരത്തിലുള്ള സ്കിൽ ട്രെയിനിംഗുകളും നൽകിയിട്ടുണ്ട്. ഇതിൽ Digital media, marketing & advertising media ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് മാത്രമായി ആവശ്യമായ തൊഴിൽ നൈപുണ്യ പരിശീലനങ്ങളും നൽകുന്നു.

7) **ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പരിശീലന സബ്സിഡി):**

യൂണിറ്റുകളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി എടുക്കുന്ന ബാങ്ക് ലോണിന് അഞ്ച് ശതമാനം വരെ പലിശ സബ്സിഡി സാഫ് വഴി അനുവദിക്കുന്നു.

8) **കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ:**

തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗത്തിന്റെയും മാനസിക ആരോഗ്യത്തിന്റെയും അടിസ്ഥാനത്തിൽ Community Wellness Clinic നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാരംഭഘട്ടത്തിൽ നടപ്പിലാക്കിയത്. തുടർന്ന്, മറ്റ് ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൗൺസിലിംഗ് സെക്ഷനുകളിലൂടെയും പ്രത്യേക Clinic കൾ വഴി ആവശ്യമായ മരുന്നും തുടർ ചികിൽസകളും നൽകിയിട്ടുണ്ട്.

9) **ബ്രാന്റിംഗ് & മാർക്കറ്റിംഗ്:**

മത്സ്യത്തൊഴിലാളി വനിതകൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണിയിലെ ശക്തമായ മത്സരം നേരിടുന്നതിനും ഉൽപ്പന്നങ്ങളുടെ ഡിമാന്റ്, വിൽപ്പന എന്നിവ വർദ്ധിപ്പിക്കുന്നതിനും ആകർഷകമായ പായ്ക്കിംഗിലും ലേബലിംഗിലും യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് **Branding & Marketing** സംവിധാനം ഒരുക്കുന്നു. ഓൺലൈൻ മാർക്കറ്റിങ്ങിലേക്ക് യൂണിറ്റുകളെ കൊണ്ടുവരുന്നതിനും ഇടപെടലുകൾ നടത്തിവരുന്നു.